## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1639.

08-06-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.എം.ഉമ്മർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരിസ്ഥിതി സന്തുലനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിട്ടുള്ളത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരിസ്ഥിതി സന്തുലനത്തിനുമായി നെൽകൃഷി വികസനം, മണ്ണിന്റെ ആരോഗ്യ പരിപാലനം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, വിള ആരോഗ്യ പരിപാലനം, അഗ്രോസർവ്വീസ് സെന്ററുകളും സേവനവും എന്നീ സംസ്ഥാനാവിഷ്കൃത പദ്ധതികളും, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി(പാലക്കാട് ജില്ലയിൽ), വൃഷ്ടി പ്രദേശ വികസനത്തിനും സുസ്ഥിര കൃഷിക്കുമുള്ള ദേശീയ മിഷൻ (RAD NMSA) (തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ), പ്രധാന മന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY), ആർ കെ വി വൈ, കാർഷിക യന്ത്രവൽകരണത്തിനുള്ള ദേശീയ മിഷൻ (SMAM) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>അത്യുല്പാദന ശേഷിയുള്ള മേൽത്തരം വിത്തിനങ്ങളുടെ ഉപയോഗം, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വള പ്രയോഗം, സംയോജിത സസ്യാരോഗ്യ പരിപാലന മാർഗ്ഗങ്ങൾ, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും പ്രയോഗം, കാർഷിക യന്ത്രവൽകരണം തുടങ്ങിയ ഘടകങ്ങളാണ് മേല്പറഞ്ഞ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | പ്രകാരം നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ. |
| (ബി) | നെല്ലിന് സംഭരണ വില ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില പി.ആർ.എസ്. ലോൺ വഴി കാലതാമസമില്ലാതെ ഇപ്പോൾ കർഷകർക്ക് നൽകിവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ല് സംഭരണത്തിനായി വകയിരുത്തിയ തുകയിൽ ഓരോ വർഷവും ചെലവാക്കിയ തുക എത്ര ശതമാനമാണെന്ന് അറിയിക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ 81.08 ശതമാനവും 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ 61.93 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**